# ചോറ്റാനിക്കര മകം തോഴൽ – സുരക്ഷാക്രമീകരണം പൂർത്തിയായി

01.03.2018 തീയ്യതി നടക്കുന്ന ചോറ്റാനിക്കര ദേവീ ക്ഷേത്രത്തിലെ ഈ വർഷത്തെ മകം തൊഴൽ മഹോൽസവത്തോടനുബന്ധിച്ച് കനത്ത സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിയതായി എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐ.പി.എസ് അവർകൾ അറിയിച്ചു.

4 ഡി.വൈ.എസ്.പിമാരുടെ നേതൃത്വത്തിൽ 11 ഇൻസ്പെക്ടർമാർ, 100 എസ്ഐ ഉൾപ്പടെ 750 –ഓളം പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ഡ്യൂട്ടിക്കായി നിയമിച്ചിട്ടുണ്ട്. 200 വനിത പോലീസ് ഉദ്യോഗസ്ഥരും ഡ്യൂട്ടിയിലുണ്ടാകും. എറണാകുളം റൂറൽ ജില്ലയിലെ പോലീസിനെ കൂടാതെ കൊച്ചി സിറ്റി, ആലപ്പുഴ, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽനിന്നുമാണ് പോലീസിനെ ലഭ്യമാക്കിയിട്ടുള്ളത്.

24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂം വയർലെസ് സൗകര്യമുൾപ്പടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്തരുടെ ക്യൂ ഉൾപ്പടെ 50-ഓളം സ്ഥലങ്ങളിൽ സിസിടിവി ക്യാമറകളും സുരക്ഷയ്ക്കായി സ്ഥാപിച്ചിട്ടുണ്ട്.

നാളെ (28.02.2018) പകൽ ജില്ലാ പോലീസ് മേധാവി ക്ഷേത്രം സന്ദർശിച്ച് സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്തി പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഡ്യൂട്ടി നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ആംബുലൻസ് ഉൾപ്പടെ ഡോക്ടർമാരുടെ സേവനവും, ഫയർ ആൻറ് റെസ്ക്യൂ, ഇലക്ട്രിസിറ്റി, പി.ഡബ്ലിയു.ഡി എന്നീ വകുപ്പുകളുടെ സേവനവും 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്.

മഫ്ത്തിയിലും പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും ജില്ലാ പോലീസ് മേധാവി അവർകൾ അറിയിച്ചു. 28.02.2018 ഉച്ച മുതൽ പോലീസിൻെറ ഡ്യൂട്ടി ആരംഭിക്കും.

പോക്കറ്റടിക്കാരെയും, പിടിച്ചുപറിക്കാരെയും മറ്റും നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിൽ നിന്നുള്ള മഫ്ത്തി പോലീസ്ഉൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, നിരീക്ഷണ ക്യാമറകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്.

റൗഡികളുടെയും , ഗുണ്ടകളുടെയും പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനായി, ടിയാൻമാരെ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. കൂടാതെ കമാൻഡോ പോലീസ്, ക്യൂ.ആർ.ടി. സേന എന്നീ വിഭാഗങ്ങളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

അമിതമായ തിരക്ക് ഒഴിവാക്കുന്നതിനായി, ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ഭക്തജനങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.